കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ**

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. എ.എൽ.പി-പി8-288/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി.29.05.2020
ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് - 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ- എ.എൽ.പി- പി 8-288/2020 തീയതി:29.05.2020

# ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 18.09.2018 മുതൽ 31.01.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.വി. സന്തോഷ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 28.02.2020മുതൽ 10.03.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി വി.മായ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി സിന്ധ്യ. പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>(04.03.2020 മുതൽ)<br>ശ്രീമതി ജാക്വലിൻ പി.ഡബ്ല്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി രാജിമോൾ. പി. സി, ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

**പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി ഷീജ. എം | 01.04.2018 മുതൽ 20.01.2019 വരെ |
| ശ്രീ. ഉണ്ണികൃഷ്ണൻ. കെ | 21.01.2019 മുതൽ 27.02.2019 വരെ |
| ശ്രീമതി സുധർമ | 28.02.2019 മുതൽ 31.03.2019 വരെ |

**സെക്രട്ടറി**

| | |
|---|---|
| ശ്രീ. കെ.എൻ.വിമൽകുമാർ | 01.04.2018 മുതൽ 01.08.2018 FN വരെ |
| ശ്രീ. സാഹിർ.കെ.എ, അസിസ്റ്റന്റ് സെക്രട്ടറി (അധിക ചുമതല) | 01.08.2018 AN മുതൽ 08.08.2018 വരെ |
| ശ്രീമതി ബിജി.എസ് | 09.08.2018 മുതൽ 31.03.2019 വരെ |

**മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ഷൈന ഹാഷിം | 01.04.2018 മുതൽ 27.06.2018 വരെ |
| | ശ്രീമതി ശാലിനി. എസ്. | 28.06.2018 മുതൽ 10.03.2019 വരെ |
| | ശ്രീ. താഹ മുഹമ്മദ് മുസ്തഫ | 11.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ. ബിന്ദുപ്രിയ. കെ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ഷീബ. എസ് | 01.04.2018 മുതൽ 03.09.2018 വരെ |
| | ഡോ. മനോജ്. എം.എം. | 04.09.2018മുതൽ 23.11.2018 വരെ |
| | ഡോ. സുനി. കെ | 24.11.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ഷിജിന | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. ജോയ് ജോർജ്ജ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. അഞ്ജു അരുമനായകൻ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, പുന്നപ്ര | ശ്രീമതി. സുമ. പി | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, അറവുകാട് | ശ്രീമതി. ജയശ്രീ. കെ.വി. | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. സെൽമ ബീവി | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ, ഗവ. എൽ.പി.എസ്. | ശ്രീ. ആദംകുട്ടി | 01.04.2018 മുതൽ 31.03.2019 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ. പ്രശാന്ത് | 01.04.2018 മുതൽ 05.04.2018 വരെ |
| | ശ്രീമതി. അനു രാജ് | 06.04.2018 മുതൽ 24.05.2018 വരെ |
| | ശ്രീ. എച്ച്.ഹാഷിദ് | 25.05.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. സാഹിർ. കെ.എ. | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**

| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| | | **ഭാഗം -1** |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷികകണക്കുകളിലെ അപാകതകൾ |
| 12 | 1-12 | വസ്തുനികുതി -കെട്ടിടത്തിന്റെ മുഴുവൻ ഏരിയയും നികുതി കണക്കാക്കുന്നില്ല. |
| 13 | 1-13 | വസ്തുനികുതി-നികുതി നിർണ്ണയത്തിലെ അപാകത |
| 14 | 1-14 | ബിൽഡിംഗ് പെർമിറ്റ് -റെഗുലറൈസേഷൻ ഫീസ് ഈടാക്കിയില്ല. |
| 15 | 1-15 | ക്രമവത്ക്കരണ ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു. |
| 16 | 1-16 | ടെൻഡർ ഫീസ് ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല |
| 17 | 1-17 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ഹൈടെക്ക് ക്ലാസ്സ് റും സ്ഥാപിച്ചു |
| 18 | 1-18 | എയ്റോബിക് ബിൻ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും എയ്റോബിക് ബിൻ പ്രവർത്തനം ആരംഭിച്ചിട്ടില്ല |
| 19 | 1-19 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല |
| 20 | 1-20 | സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ -അപാകതകൾ |
| 21 | 1-21 | പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിച്ചില്ല - കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല. |
| 22 | 1-22 | പൊതുമരാമത്ത് പ്രവൃത്തികൾ - പൊതുന്യൂനതകൾ |
| 23 | 1-23 | പാലിന് സബ്സിഡി -അനുബന്ധ രേഖകൾ അപൂർണ്ണം |
| 24 | 1-24 | കന്നുകുട്ടി പരിപാലനം- വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല |
| 25 | 1-25 | മരുന്നുകൾ സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടില്ല |
| 26 | 1-26 | ആട് വളർത്തൽ - രേഖകൾ ഹാജരാക്കിയില്ല. |
| 27 | 1-27 | എൻ.ആർ.ഇ .ജി.എസ് . പ്രവർത്തികളിൽ -ജി.എസ്.റ്റി (TDS )ഈടാക്കാത്തത് സംബന്ധിച്ച് |

| | | |
|---|---|---|
| 28 | 1-28 | മുൻവർഷങ്ങളിൽ വിവിധ നിർവ്വഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുക വിനിയോഗിച്ചിട്ടില്ല. |
| 29 | 1-29 | വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല . |
| ഭാഗം 2 | | |
| 30 | 2-1 | വസ്തുനികുതി -.കെട്ടിടത്തിന്റെ മുഴുവൻ ഏരിയയും നികുതി കണക്കാക്കുന്നില്ല. |
| 31 | 2-2 | ബിൽഡിംഗ് പെർമിറ്റ് -റെഗുലറൈസേഷൻ ഫീസ് ഈടാക്കിയില്ല. |
| ഭാഗം 3 | | |
| ഇല്ല | | |
| ഭാഗം 4 | | |
| 32 | 4-1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 33 | 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 34 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 35 | 4-4 | വായ്പ / വായ്പാതിരിച്ചടവ് |
| 36 | 4-5 | സ്ഥിര നിക്ഷേപം |
| 37 | 4-6 | ഓഡിറ്റ് റിക്കവറി |
| 38 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 39 | 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 40 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 41 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 42 | അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 43 | അനുബന്ധം2 | . |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

28.03.2018 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 31.01.2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 266623910 | 257714000 |
| വാർഷിക കണക്ക് പ്രകാരം | 96019708 | 83132557 |

ബജറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1) നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർക്കുകയോ സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്ക് സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

2) ഘടക സ്ഥാപന മേധാവികളും സെക്രട്ടറിയും തയ്യാറാക്കിയ നോൺ പ്ലാൻ ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട മറ്റ് സ്റ്റാൻഡിംഗ് കമ്മറ്റികൾക്ക് പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കുമായി കൈമാറിയതിന് രേഖകളില്ല.

3) അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഉറപ്പുവരുത്തിയിട്ടുള്ളതായി രേഖയില്ല.

4) ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്ക് സമർപ്പിച്ചിട്ടില്ല.

5) പ്രതീക്ഷിത വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ ഉണ്ടായിട്ടുള്ളതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

6) ബജറ്റ് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

നടപടിക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലം ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. മുൻവർഷങ്ങളിലെ വരവുചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവുചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 13.05.2019 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7941560 |
| വരവ് | 96019708 |
| ആകെ | 103961268 |
| ചെലവ് | 83132557 |
| നീക്കിയിരിപ്പ് | 20828711 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 20254624 | 20254624 | 17863274 | 2391350 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 2130000 | 2130000 | 2072500 | 57500 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 253000 | 253000 | 242999 | 10001 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 5075000 | 5075000 | 5075000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4223000 | 4223000 | 3838000 | 385000 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 11741193 | 11741193 | 7600774 | 4140419 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 134 | 114083403 | 78 | 60844905 | 49 | 07 | 58 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

**<u>ഫണ്ട് വിനിയോഗത്തിലെ വീഴ്ച - 6984270/- രൂപ നഷ്ടമായി</u>**

ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും അലോട്ട്മെന്റ് ആയി ലഭിച്ച തുകകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം **6984270/-** രൂപ പഞ്ചായത്തിന് നഷ്ടമായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക് തിരികെ പോകുമെന്നതിനാൽ ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തൻവർഷം നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ഗ്രാമ പഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാത്ത തുകയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ചെലവഴിക്കപ്പെടാത്ത തുക |
|---|---|
| വികസന ഫണ്ട് ജനറൽ | 2391350 |
| വികസന ഫണ്ട് എസ്.സി.പി. | 57500 |
| വികസന ഫണ്ട്-ടി.എസ്.പി | 10001 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 385000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4140419 |
| **ആകെ** | **6984270** |

മെയിന്റനൻസ് ഗ്രാന്റ് റോഡ് ലഭിച്ച ഫണ്ട് പൂർണ്ണമായി ചെലവഴിച്ചു എന്നത് അഭിനന്ദനാർഹമാണ്. എന്നാൽ മറ്റ് ഗ്രാന്റുകൾ പൂർണ്ണമായി ചെലവഴിക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കേണ്ടതാണ്. ഈ വിഷയം ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 718670 | 718670 | 710600 | 8070 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 87610000 | 87610000 | 87610000 | 0 |
| ആകെ | 0 | 88328670 | 88328670 | 88320600 | 8070 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 840240 | 421 |
| കർഷകതൊഴിലാളി പെൻഷൻ | 9060300 | 752 |
| വിധവാപെൻഷൻ | 10028000 | 894 |
| വാർദ്ധക്യകാലപെൻഷൻ | 17395900 | 1882 |
| വികലാംഗപെൻഷൻ | 4914700 | 411 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 330000 | 11 |
| അവിവാഹിത പെൻഷൻ | 986400 | 82 |

### 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.02.2020, 3.20 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26875 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി 2018-19 വർഷം 02.11.2019, 02.12.2019 തീയതികളിൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. മോണിറ്ററിംഗ് സമിതി മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും യോഗം ചേരുവാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി വേണം മോണിറ്ററിംഗ് സമിതി രൂപീകരിക്കേണ്ടത്. എല്ലാ സ്റ്റിയറിംഗ് കമ്മറ്റി അംഗങ്ങളും മോണിറ്ററിംഗ് സമിതിയിൽ അംഗങ്ങളാകേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നടത്തിയിട്ടുള്ള പ്രസ്തുത യോഗങ്ങളിൽ ഭരണസമിതിയിൽ നിന്നും വേണ്ടത്ര പ്രാതിനിധ്യം ഉണ്ടായിട്ടില്ല.
2. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
4. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
5. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല.

കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

7. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.01.2020 | ഡിസംബർ 2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.08.2016 | 2011-12 മുതൽ 2015-16 വരെ | 21.09.2016 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

കെ.എസ്.എ-എ.എൽ.പി-പി.8-621/2019 തീയതി 26.06.2019 പ്രകാരം പുറപ്പെടുവിച്ച ഓഡിറ്റ് സാക്ഷ്യപത്രത്തിന് അനുബന്ധമായി ചേർത്തിട്ടുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.

**മറ്റ് അപാകതകൾ**

1) വികസനഫണ്ട്(ജനറൽ) ആകെ വരവ് 20672000/- രൂപയാണ്. ഇതിൽ 417376/- രൂപ വാട്ടർ അതോറിറ്റി കുടിശ്ശികയായി ഉറവിടത്തിൽ കുറവ് ചെയ്തിരുന്നു. എന്നാൽ വാർഷിക കണക്കിൽ പ്രസ്തുത 417376/- രൂപ ഉൾപ്പെടുത്താതെയാണ് ആകെ വരവ് (20254624/- രൂപ) നിർണ്ണയിച്ചിട്ടുള്ളത്. ഉറവിടത്തിൽ കുറവു ചെയ്ത പ്രസ്തുത തുക ആകെ ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല (17863274). യഥാർത്ഥ ചെലവ് പ്രസ്തുത 417376/- രൂപ കൂടി ഉൾപ്പെടുന്ന തുകയായ 18280650/- രൂപയാണ്. ഇതിൽ നിന്നും വികസനഫണ്ട് (ജനറൽ) വിഹിതത്തിൽ യഥാർത്ഥ വരവ് ചെലവ് തുകയല്ല വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതെന്ന് കാണുന്നു.
2) RP-40(b) പ്രകാരം സ്വച്ഛ് ഭാരത് മിഷൻ ഫണ്ട് അക്കൗണ്ടിലെ ബാലൻസ് 497834/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് B-4 പ്രകാരം തുക 497896/- രൂപയാണ്.

3) ഓഡിറ്റ് റിക്കവറി ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് 6728/- രൂപ വരവുണ്ട്. എന്നാൽ ഈ തുക വാർഷിക കണക്കിലെ റിക്കവറി ഹെഡ്ഡിൽ വരവ് വച്ചിട്ടില്ല.

4) ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം വികസനഫണ്ട് ജനറൽ ഇനത്തിൽ 2871762/- രൂപയും ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് 1121711/- രൂപയും ബാലൻസ് കാണിച്ചിട്ടുണ്ട്. ഈ തുകയുടെ വിശദാംശം ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രസ്തുത തുകകൾ കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി, ഐ.ആർ.ടി.സി. എന്നീ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയാണെന്നാണ് അറിയിച്ചിട്ടുള്ളത്.

ഡെപ്പോസിറ്റുകളുടെ വിവരം ബാധ്യതയായി B-4 ൽ കാണിക്കേണ്ടതില്ല. B-18 ലാണ് കാണിക്കേണ്ടത്.മാത്രമല്ല, B-4 ൽ പ്രസ്തുത ഹെഡിൽ വന്നിട്ടുള്ള പല തുകകളും B-18 ഷെഡ്യൂളിൽ ഡെപ്പോസിറ്റ് ആയി വന്നിട്ടുള്ളതുമൂലം ഇരട്ടിപ്പ് ഉണ്ടായിട്ടുണ്ട്.

### 1-12 വസ്തുനികുതി -കെട്ടിടത്തിന്റെ മുഴുവൻ ഏരിയയ്ക്കും നികുതി കണക്കാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ വാണിജ്യാവശ്യത്തിനായി നിർമ്മിച്ച് ഉപയോഗിച്ച് വരുന്ന താഴെപ്പറയുന്ന കെട്ടിടങ്ങളുടെ മുഴുവൻ ഭാഗങ്ങൾക്കും നികുതി ചുമത്തിയിട്ടില്ല. വസ്തുനികുതി ചട്ടപ്രകാരം തറവിസ്തീർണ്ണം എന്നത് ഏകനില കെട്ടിടത്തിന്റെ കാര്യത്തിൽ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറനിരപ്പിന്റെ വിസ്തീർണ്ണം എന്നും ബഹുനിലകെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള അത്തരം തറനിരപ്പിന്റെ ആകെ വിസ്തീർണ്ണം (തുറസ്സായ ടെറസ് ഭാഗം ഒഴികെ) എന്നും അർത്ഥമാകുന്നു. കൂടാതെ കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി മാറ്റിവച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം മറ്റുഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ വാണിജ്യാവശ്യത്തിനായി നിർമ്മിച്ച് ഉപയോഗിച്ച് വരുന്ന പല കെട്ടിടങ്ങളിലും ഓരോ കടമുറികൾക്കും പ്രത്യേകം നികുതി കണക്കാക്കി നമ്പർ നല്കുകയാണ് ചെയ്തിരിക്കുന്നത്. സ്റ്റെയർ റൂം, ടോയ്‌ലെറ്റുകൾ, മറ്റ് പൊതുഭാഗങ്ങൾ എന്നിവ നികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമ, വാർഡ് നം./കെട്ടിട നം. | കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | നികുതി കണക്കാക്കിയ വിസ്തീർണ്ണം | അടിസ്ഥാന വസ്തു നികുതി | ഇളവ്/ വർദ്ധന (%) | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ വസ്തുനികുതി | വ്യത്യാസം (ലൈബ്രറി സെസ്സ് ഒഴികെ) | ലൈബ്രറി സെസ്സ് |
|---|---|---|---|---|---|---|---|---|
| പ്രസിഡണ്ട്, അറവുകാട് ക്ഷേത്രയോഗം 3/346A,B,C,D, E,F,G | 276.1 | 217 | 19327/- (=276.1*70) | 20% വർദ്ധന 3865/- (റോഡ്:5മീറ്ററിൽ കൂടുതൽ) | 23192+ 1160(LC) -------------- 24352/- ====== | 15810+ 793(LC) ---------- 16603/- ====== (31M² ന് മാത്രം 10% എയർ കണ്ടീഷൻ വർദ്ധന വരുത്തി യിട്ടുണ്ട്) | 7382/- | 367/- |
| ശ്രീ സുൽഫി ഹക്കീം,ആലവേലിൽ 9/647 C,D,E,F | 226.96 | 203.85 | 15887/- (=226.9*70) | 20%വർദ്ധന 3177/- (റോഡ്:5മീറ്ററിൽ കൂടുതൽ) | 19064+ 953(LC) ------------- 20017/- ====== | 15624+ 784(LC) ---------- 16408/- ====== | 3440/- | 169/- |
| ശ്രീ അഭിലാഷ് രവീന്ദ്രൻ 9/377B,C,D,E | 140.21 | 116 | 9815/- (=140.21*70) | 20%വർദ്ധന 1963/- (റോഡ്:5മീറ്ററിൽ കൂടുതൽ) | 11778+ 589(LC) ---------- 12367/- ======= | 8352+ 420(LC) ---------- 8772/- ====== | 3426/- | 169/- |
| **ആകെ കുറവ്** | | | | | | | **14248/-** | **705/-** |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (15/07.3.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയം നടത്തി രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. മുൻവർഷങ്ങളിലും ഇപ്രകാരം നികുതി നിർണ്ണയിച്ചതിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ ആയത് ശരിയായി നിർണ്ണയിച്ച് വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്. കൂടാതെ ഫോറം 6 ൽ അറവുകാട് ക്ഷേത്രയോഗത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ 31 $M^2$ ഉള്ള ഒരു മുറിക്ക് മാത്രം 10% എയർ കണ്ടീഷൻ വർദ്ധന വരുത്തിയിട്ടുണ്ട്. ടി കെട്ടിടത്തിൽ സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് സംവിധാനം ഉപയോഗിക്കുന്നുണ്ടെങ്കിൽ മുഴുവൻ കെട്ടിട ഭാഗത്തിനും 10% വർദ്ധന വരുത്തേണ്ടതാണ്.

## 1-13 വസ്തുനികുതി-നികുതി നിർണ്ണയത്തിലെ അപാകത

പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതിചെയ്യുന്ന ഒരേ ഉടമയുടെ പേരിലുള്ള വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളിലെ ഓരോ കടമുറികൾക്കും പ്രത്യേകം കെട്ടിട നമ്പർ നല്കിയിട്ടുണ്ട്. എന്നാൽ ഈ കടമുറികളുടെ വസ്തുനികുതി ഒന്നിച്ച് നിർണ്ണയിക്കുന്നതിന് പകരം ഓരോ കടമുറികൾക്കും പ്രത്യേകം നികുതി കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് 60/- രൂപ നിരക്കിൽ

നിർണ്ണയിക്കുകയാണ് ചെയ്തിരിക്കുന്നത്. പഞ്ചായത്തിലെ വസ്തുനികുതി സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി, 1 ചതുരശ്ര മീറ്ററിന് 70/- രൂപ നിരക്കിൽ ഈടാക്കണം എന്നതാണ്. എന്നാൽ ഇവിടെ ഒരു ചതുരശ്ര മീറ്ററിന് 60/- രൂപ മാത്രമാണ് ഈടാക്കുന്നത്. ഇതു മൂലം ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ കുറവ് വരുന്നു . ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | വാർഡ് നം./കെട്ടിട നം. | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) |
|---|---|---|
| പ്രസിഡന്റ്, അറവുകാട് ക്ഷേത്രയോഗം | III/346 A,B,C,D,E,F,G | 217 |
| അഭിലാഷ് രവീന്ദ്രൻ | IX/474 B,C,D,E | 116 |
| രവി കുരിക്കാപ്പറമ്പിൽ | IX/474 B,D,E,F,G,H | 119.38 |
| സെക്രട്ടറി,പള്ളുരുത്തിപ്പള്ളി | X/513 A,B,C,D | 115.61 |
| രാജു,തൌഫീക്ക് മൻസിൽ | X/388 A,B | 156 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന്(നം.15/07.3.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയം നടത്തി രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ മുൻ വർഷങ്ങളിലെ അസസ്സ്മെന്റുകളിൽ സമാനമായ കേസുകൾ ഉണ്ടെങ്കിൽ കണ്ടെത്തി നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

### 1-14 ബിൽഡിംഗ് പെർമിറ്റ് -റെഗുലറൈസേഷൻ ഫീസ് ഈടാക്കിയില്ല

2018-19 സാമ്പത്തിക വർഷം കെട്ടിട നമ്പറിങ്ങിനായി സമർപ്പിച്ച അപേക്ഷകളിൽ പെർമിറ്റില്ലാതെ നിർമ്മിച്ച താഴെപ്പറയുന്ന കെട്ടിടങ്ങൾ ക്രമവത്ക്കരിച്ച് നമ്പർ നൽകിയിട്ടുണ്ടെങ്കിലും റെഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടില്ല.

| ഉടമയുടെ പേര് | കെട്ടിട നം. | കെട്ടിടത്തിന്റെ വിസ്തീർണ്ണം(ച.മീ) | ഉപയോഗ ക്രമം | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയ ഫീസ് | വ്യത്യാസം |
|---|---|---|---|---|---|---|
| ശ്രീ ഹബീബ് റഹ്മാൻ, തയ്യിൽ ഹൌസ് | 10/257C | 90.09 | വാണിജ്യം | 1351 (=90.09x5x3) | - | 1351 |
| ശ്രീമതി വിജയകുമാരി ,കരിംചിറവെളി | 9/690A | 35.14 | വാണിജ്യം | 527 (=35.14x5x3) | 176/- | 351 |
| ശ്രീ. ഹാരിസ് & | 10/60A | 161.21 | പാർപ്പിടം | 1451 | - | 1451 |

| | | | | | |
|---|---|---|---|---|---|
| ഷാജി,പുത്തൻപറമ്പ് വെളി | | | (=161.21x3x3) | | |
| ആകെ | | | | | 3153/- |

മേൽ പരാമർശത്തിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.16/07.3.2020) നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. കുറവ് വന്ന തുക ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-15 ക്രമവത്ക്കരണ ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു

പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പെർമിറ്റില്ലാതെ നിർമ്മിച്ച നിരവധി കെട്ടിടങ്ങൾ ക്രമവത്ക്കരിച്ച് നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സെക്രട്ടറിയുടെ 229813/ആർ.ഡി2/2016 നം കത്തിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരം പെർമിറ്റില്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുമ്പോൾ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കേണ്ടതാണ്. പെർമിറ്റ് ഫീസിന്റെ രണ്ട് മടങ്ങാണ് രാജിയാക്കൽ ഫീസ്. പെർമിറ്റ് എടുത്ത് നിർമ്മാണം തുടങ്ങിയശേഷം പെർമിറ്റിൽ നിന്നും അധികരിച്ച് നിർമ്മിക്കുന്ന കെട്ടിടഭാഗങ്ങൾക്കാണ് രാജിയാക്കൽ ഫീസ് മാത്രം ഈടാക്കുന്നത്. എന്നാൽ പഞ്ചായത്തിൽ പെർമിറ്റ് ഇല്ലാതെ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കി വരുന്നത്. ഏതാനം ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമ | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) | ഉപയോഗം | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | ക്ലീറ്റസ്, അരശർകാവിൽ | 101.35 | പാർപ്പിടം | 912 (=101.35x3x3) | 609 | 303 |
| 2 | വിനു വി, തുളസിപ്പറമ്പിൽ | 118.75 | പാർപ്പിടം | 1069 (=118.75x3x3) | 773 | 296 |
| 3 | കെ.പി ബിജു, കളപ്പറമ്പിൽ | 162.71 | പാർപ്പിടം | 1464 (=162.71x3x3) | 978 | 486 |
| 4 | ഗിരീഷ് എം.പി , മണ്ണാപ്പറമ്പിൽ | 108.32 | പാർപ്പിടം | 975 (=108.32x3x3) | 648 | 327 |

മേൽ പരാമർശത്തിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.16/07.3.2020) നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. അപാകത പരിഹരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ടെൻഡർ ഫീസ് ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

2018-2019 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് ഇനത്തിൽ 41000/- രൂപ ലഭിച്ചിരുന്നു. ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടിവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിട്ടുള്ള ടെണ്ടർ ഫീസ് തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ടി തുക എത്രയുംവേഗം തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

### 1-17 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ഹൈടെക്ക് ക്ലാസ്സ് റൂം സ്ഥാപിച്ച

പ്രോജക്ട് നമ്പർ - S0096/19

അടങ്കൽ - 60,0000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് )

ബിൽ നമ്പർ - 8/20.3.19 – 597300/-

നിർവ്വഹണം - ഹെഡ്മാസ്റ്റർ, ഗവ.മുസ്ലീം L.P.S

ഹെഡ്മാസ്റ്റർ, ഗവ.മുസ്ലീം L.P.S നിർവ്വഹണം ചെയ്ത സ്കൂളുകളിൽ ഹൈടെക്ക് ക്ലാസ്സ് റൂം സ്ഥാപിക്കുക എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി ആർ ജെ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്ന് പ്രൊജക്ടറും അനുബന്ധ സാധനങ്ങളും വാങ്ങി ഗ്രാമപഞ്ചായത്തിലെ ഗവ.മുസ്ലീം L.P.S, ഗവ. ജെ ബി എസ് പുന്നപ്ര, ഗവ. CYMA U.P.S എന്നീ സ്കൂളുകളിൽ സ്ഥാപിച്ചിട്ടുണ്ട്. പ്രോജക്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൽ പ്രോജക്ട് നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സ്കൂളുകളിലും ഓഫീസുകളിലും വിന്യസിക്കുന്നതിനാവശ്യമായ ഐ.ടി. ഹാർഡ്‌വെയർ സാധനങ്ങൾ വാങ്ങുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സ.ഉ.(സാധാ)97/18 പൊ.വി.വ. തീ. 06.01.2018 നമ്പർ ഉത്തരവിലെ നിബന്ധന - 1 ൽ ലാപ്ടോപ്പ്, പ്രൊജക്ടർ, സ്ക്രീൻ, വൈറ്റ് ബോർഡ് എന്നിവ സർക്കാർ/തദ്ദേശസ്ഥാപന ഫണ്ട് ഉപയോഗിച്ച് വാങ്ങുമ്പോൾ ആവശ്യമായ മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി വില എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ ഈ ഉത്തരവിലെ സ്പെസിഫിക്കേഷനും വിലയും പരിഗണിക്കാതെയാണ് ഹൈടെക് ക്ലാസ്സ് റൂം നിർമ്മിക്കുന്നതിനാവശ്യമായ പ്രൊജക്ടർ വാങ്ങിയിരിക്കുന്നത്. സ്മാർട്ട് ക്ലാസ്സ് റൂം സജ്ജീകരിക്കുന്നതിനാവശ്യമായ മൾട്ടി മീഡിയ പ്രൊജക്ടറിന് ടാക്സ് ഉൾപ്പെടെ 23860/- രൂപ മാത്രം ചെലവഴിക്കാൻ അനുമതി ഉള്ളപ്പോൾ പ്രൊജക്ടർ 36999/- രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | Amount | Tax | Total amount | Amount allowed | Excess |
|---|---|---|---|---|---|---|---|
| Projector view sonic ps501X | 3 | 28906/- | 86718.75/- | 24280 | 110999/- | 23860x3 =71580 /- | 110999-71580= 39419/- |

ഇത് പ്രകാരം പ്രൊജക്ടർ വാങ്ങിയതിന് അധികമായി 39419/- രൂപ ചെലവഴിച്ചിട്ടുണ്ട്.

മാർഗ്ഗനിർദ്ദേശങ്ങളിൽ പരാമർശിക്കാത്ത ഉപകരണങ്ങൾ അത്യാവശ്യമെന്ന് തോന്നുന്ന പക്ഷം ഉപകരണമൊന്നിന് 15000/- രൂപയിൽ അധികരിക്കാതെ മൊത്തം പ്രൊജക്ട് തുക 50,000/-രൂപയിൽ കവിയാതെയും സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ച് വാങ്ങാവുന്നതാണ്. ഹൈടെക്ക് ക്ലാസ്സ് റൂമിനായുള്ള വാങ്ങലുകൾ നടത്തിയപ്പോൾ ഈ പട്ടികയിൽ ഉൾപ്പെടാത്ത സ്പെസിഫിക്കേഷനിലുള്ള ചുവടെ ചേർക്കും പ്രകാരം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| Item | Qty | Rate | Amount | Tax | Total amount |
|---|---|---|---|---|---|
| Interactive digital podium 13 Eworld | 3 | 67796.61 | 203389.83/- | 36610/- | 239999.99/- |

| | | | | | |
|---|---|---|---|---|---|
| | | | | | |
| Raptor IR interactive board rytco80 | 3 | 20338 | 61016 | 10982/- | 72000/- |
| Kyocera MFP Taskalfa 1800 | 3 | 29576.27 | 88728.81 | 15971.18 | 104699.99/- |

സർക്കാർ ഉത്തരവിൽ അനുവദിക്കാത്ത ഉപകരണങ്ങൾ വാങ്ങിയപ്പോൾ തുക ഉത്തരവിലെ നിർദ്ദേശത്തിനുവിധേയമായി ലിമിറ്റ് ചെയ്യാതിരുന്നതിനും സർക്കാർ നിശ്ചയിച്ച നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ ഉപകരണങ്ങൾ വാങ്ങിയതിനും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ഹാജരാക്കിയ മറുപടിയിൽ കുട്ടികളുടെ വിദ്യാഭ്യസപുരോഗതിയെ കരുതി നടപ്പാക്കിയ പ്രോജക്ടാണിതെന്നും, പ്രോജക്ട് നടപ്പാക്കിയതിനുശേഷമാണ് ഈ സർക്കാർ ഉത്തരവിനെക്കുറിച്ച് അറിഞ്ഞതെന്നും എച്ച്.എം അറിയിക്കുകയുണ്ടായി. വിദ്യാലയത്തിന്റെയും വിദ്യാർത്ഥികളുടെയും പൊതുനന്മയ്ക്കായി നിർവ്വഹണം ചെയ്ത പ്രോജക്ടാണെങ്കിലും മേലിൽ ഇത്തരം പദ്ധതികൾ സർക്കാർ ഉത്തരവിനനുസൃതമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-18 എയ്റോബിക് ബിൻ സ്ഥാപിക്കൽ - പ്രവ്യത്തി പൂർത്തീകരിച്ചെങ്കിലും എയ്റോബിക് ബിൻ പ്രവർത്തനം ആരംഭിച്ചിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ എയ്റോബിക് ബിൻ സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ (ജനറൽ) നിന്നും 795000 രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 1000000/- രൂപയും ഉൾപ്പെടെ 1795000/- രൂപയാണ് വകയിരുത്തിയിരുന്നത്. 14-ാം വാർഡിൽ പഞ്ചായത്ത് കോളനി, 13-ാം വാർഡിൽ സുനാമി സെറ്റിൽമെന്റ് കോളനി സൈറ്റ് 1, 13-ാം വാർഡിൽ സുനാമി സെറ്റിൽമെന്റ് കോളനി സൈറ്റ് 2, കുറവന്തോട് ജംഗ്ഷൻ എന്നീ സ്ഥലങ്ങളിൽ തുമ്പൂർമുഴി മോഡൽ എയ്റോബിക് കംപോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 1700000/- രൂപയുടെ എസ്റ്റിമേറ്റിന് ശുചിത്വമിഷനിൽ നിന്നും സാങ്കേതികാനുമതി ലഭിച്ചു. IRTC (Integrated Rural Technology Centre) പാലക്കാട് എന്ന നിർവ്വഹണ ഏജൻസിയുമായി ഗ്രാമപഞ്ചായത്ത് ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയും കരാറിലെ വ്യവസ്ഥ പ്രകാരം അടങ്കൽ തുകയുടെ 20%, 340000/- രൂപ (ബിൽ നം. 13/15.10.2018) 2018-19 വർഷം മുൻകൂറായി നൽകുകയും ചെയ്തു. 2019-20 വർഷം 869474/- രൂപ കൂടി നിർവ്വഹണ ഏജൻസിക്കു നൽകിയിട്ടുണ്ട്. ഫയൽ പ്രകാരം കുറവന്തോട് ജംക്ഷൻ ഒഴികെയുള്ള 3 സ്ഥലങ്ങളിൽ പ്രവ്യത്തി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പ്രവ്യത്തി പൂർത്തീകരിച്ച 3 സ്ഥലങ്ങളിലും കംപോസ്റ്റ് യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. യൂണിറ്റുകൾ പ്രവർത്തനസജ്ജമാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. 340000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

01.10.2018 മുതൽ 250000/- രൂപയ്ക്കു മുകളിലുള്ള ചെലവുകൾക്ക് 2% GST റ്റി.ഡി.എസ്. ഈടാക്കേണ്ടതുണ്ട്. എന്നാൽ മുൻകൂറായി നൽകിയ 340000/- രൂപയിൽ നിന്നും റ്റി.ഡി.എസ്. ഈടാക്കിയിട്ടില്ല. സ്ഥാപനത്തിൽ നിന്നും 2% റ്റി.ഡി.എസ്. ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

### 1-19 സ്ട്രീറ്റ് ലൈറ്റ് മെയിന്റെനൻസ് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പ്രോജക്ട് നം.- S0148/19

| ബിൽ നം./തീയതി | തുക |
|---|---|
| 30 / 18-19 /08 .03.19 | 54990/- |
| 27 / 18-19 /16 .02.19 | 81885/- |
| 37 / 18-19 /22 .03.19 | 34825/- |
| ആകെ ചെലവ് | 171700/- |

2018/19 വർഷം സ്ട്രീറ്റ് ലൈറ്റുമായി ബന്ധപ്പെട്ട് തെരുവ് വിളക്ക് റിപ്പയറിംഗ് പദ്ധതി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതി കാര്യക്ഷമമായല്ല നടപ്പാക്കിയത്. തെരുവ് വിളക്ക് റിപ്പയറിംഗിന് കുറഞ്ഞ തുക കോട്ട് ചെയ്ത വിചിത്ര ഏജൻസീസ് എന്ന സ്ഥാപനത്തെ പദ്ധതി നിർവ്വഹണത്തിനായി തെരഞ്ഞെടുക്കുകയുണ്ടായി. നിലവിലുണ്ടായിരുന്ന വിളക്കുകളുടെ റിപ്പയറിംഗിനും, പുതിയവ സ്ഥാപിക്കുന്നതിനുമായി കുണ്ടേലാത്ത് എന്ന സ്ഥാപനത്തിൽ നിന്നും തൻവർഷം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിചിത്ര ഏജൻസീസിനെ ഏൽപ്പിക്കുകയുണ്ടായി. മെയിന്റനൻസ് പ്രവൃത്തിക്കായി വിചിത്ര ഏൻസീസ് 171700/- രൂപ കൈപ്പറ്റിയിട്ടുണ്ട്. സ്ഥാപനം ചെയ്തതായി ഫയലിൽ ചേർത്തിട്ടുള്ള പ്രവൃത്തിയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | വിചിത്ര ഏജൻസീസിന്റെ കണക്ക് പ്രകാരം സ്ഥാപിച്ച ലൈറ്റുകളുടെ എണ്ണം | നിരക്ക് | സ്ഥാപനം കൈപ്പറ്റിയ തുക | മെമ്പർമാരുടെ സാക്ഷ്യപ്പെട്ട ത്തൽ പ്രകാരം സ്ഥാപിച്ചിട്ടുള്ള/റിപ്പയറിംഗ് ചെയ്തിട്ടുള്ള ലൈറ്റുകളുടെ എണ്ണം |
|---|---|---|---|---|
| സിംഗിൾ ട്യൂബ് സെറ്റ് മെയിന്റനൻസ് & റീഫിറ്റിംഗ്സ് | 414 | 150 | 62100 | 309 |
| ഡബിൾ ട്യൂബ് സെറ്റ് മെയിന്റനൻസ് & റീഫിറ്റിംഗ്സ് | 150 | 195 | 29250 | 191 |
| സി എഫ് എൽ | 475 | 130 | 61750 | 145 |
| എൽ ഇ ഡി | 93 | 200 | 18600 | 405 |

റിപ്പയറിംഗും പുതിയവ സ്ഥാപിക്കൽ പ്രവൃത്തിയും സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

മെമ്പർമാർ ഹാജരാക്കിയ കണക്കും റിപ്പയറിംഗ് ചെയ്തതായി സ്ഥാപനം ഹാജരാക്കിയ കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ട്യൂബ് സെറ്റുകൾ നന്നാക്കിയെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവ ഡബിൾ ട്യൂബ് സെറ്റ് ആണോ സിംഗിൾ ട്യൂബ് സെറ്റ് ആണോ എന്ന് വ്യക്തമാക്കിയിട്ടില്ല.

ഓരോ വാർഡിലും ഇത്ര ലൈറ്റുകൾ നന്നാക്കിയിട്ടുണ്ടെന്ന് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതല്ലാതെ ഏതെല്ലാം പോസ്റ്റുകളിലാണ് ഇത് ചെയ്തിട്ടുള്ളതെന്ന് കാണിച്ചിട്ടില്ല. മാത്രമല്ല നന്നാക്കിയ ലൈറ്റുകളുടെ കാര്യത്തിൽ ഒരു ഗ്യാരണ്ടിയും കരാറുകാരൻ നൽകിയിട്ടില്ല. നിലവിൽ മറ്റ് ലൈറ്റുകൾ ഉണ്ടായിരുന്നത് മാറ്റിയിട്ടാണോ പുതിയവ സ്ഥാപിച്ചിട്ടുള്ളത് എന്നുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവുവിളക്കുകളുടേയും പോസ്റ്റ് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മേൽ പറഞ്ഞ കണക്കുകൾ കൃത്യമാണോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

കേടായ ഉപകരണങ്ങൾ തിരികെ ഏല്പിച്ചതിന്റെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് സൂക്ഷിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തും കെ.എസ്.ഇ.ബി അധികൃതരുമായി ചേർന്ന് തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച് സംയുക്തപരിശോധന നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. ഈ അപാകതകൾ ഉന്നയിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ഹാജരാക്കിയില്ല. സ്ട്രീറ്റ് ലൈറ്റുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പ്രോജക്ടുകൾ കാര്യക്ഷമമായ രീതിയിൽ നടപ്പാക്കേണ്ടതാണ്. മതിയായ രേഖകളുടെ അഭാവത്തിൽ സ്ഥാപനം ഹാജരാക്കിയ കണക്കുകളുടെ ആധികാരികത പരിശോധിക്കുവാൻ കഴിഞ്ഞില്ല. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിലൊന്നായ തെരുവ് വിളക്ക് പരിപാലനം മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ച്, സർക്കാർ നിർദ്ദേശാനുസരണം നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ -അപാകതകൾ

1)വഴി വിളക്ക് LED ബൾബ് സ്ഥാപിക്കുക

പ്രോജക്ട് നം - S0100/19

അടങ്കൽ - 600000 /- (വികസനഫണ്ട്)

-102000 /- (ധനകാര്യകമ്മീഷൻ അവാർഡ്)

- 10,000 /- (തനത്ഫണ്ട്)

ചെലവ്:- 33099/-
ബിൽ നം - 4 /18-19 /1.06.18

പ്രസ്തുത പ്രോജക്ടിൽപ്പെടുത്തി (സ്പിൽ ഓവർ) തെരുവ് വിളക്കുകൾക്ക് LED ബൾബ് സ്ഥാപിക്കുന്നതിനായി 2018-19 വർഷം krews ന് (Kerala Rural Employment & Welfare Society) 33099/- രൂപ നല്കിയിട്ടുണ്ട്. ക്രൂസിന് തുക നൽകിയെങ്കിലും എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിച്ചതായി രേഖയില്ല. രേഖകൾ ഹാജരാക്കുന്നതിനായി എൻക്വയറി നല്കിയെങ്കിലും മറുപടി ഹാജരാക്കിയില്ല. പദ്ധതി പൂർത്തിയായതിന്റെ വിവരം ഹാജരാക്കേണ്ടതാണ്. 33099/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2) വെള്ളക്കരം കുടിശ്ശിക ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല

ബിൽ നം. 12/12.10.18, 2165334/-

18/6.12.18, 707666/-
127000 (തനത്ഫണ്ട്)

വാട്ടർ അതോറിറ്റിയുടെ 12.10.18 ലെ ബിൽ പ്രകാരം 8431691/- രൂപ (തൻമാസത്തെ വെള്ളക്കരം ഉൾപ്പെടെ) കുടിശ്ശിക ഉണ്ടെന്ന് കാണിച്ചിട്ടുണ്ട്. തൻവർഷം പ്രോജക്ട് നം.S0016/19 പ്രകാരം മെയിന്റനൻസ് ഗ്രാന്റ് 2873000/- രൂപയും തനതുഫണ്ട് 127000/- രൂപയും ഉൾപ്പെടെ ആകെ 30,00,000/- രൂപ വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. ഇതിൽ 707666/- രൂപയും, 127000/- രൂപയും 12-ാം മാസത്തിലാണ് ഒടുക്കിയിട്ടുള്ളത്. 12-ാം മാസത്തിൽ ഒടുക്കിയ തുക വാട്ടർ അതോറിറ്റി പഞ്ചായത്തിന്റെ പേരിൽ വരവ് വെച്ചതിന്റെ രേഖകൾ ഒന്നും ഫയലിൽ ലഭ്യമായിരുന്നില്ല. കൂടാതെ സോഴ്സ് ഡിഡക്ഷൻ ആയി 417376/- രൂപ കുറവ് ചെയ്യുതും വാട്ടർ അതോറിറ്റി ഡിമാന്റിൽ ക്രമീകരിച്ചതായി കാണുന്നില്ല. വെള്ളക്കരമിനത്തിൽ വൻകുടിശ്ശിക വരുന്ന സാഹചര്യത്തിൽ വെള്ളക്കരമിനത്തിൽ ഒടുക്കുന്ന തുക പഞ്ചായത്തിന്റെ പേരിൽ വരവ് വെച്ചത് പരിശോധിച്ച് ബോധ്യപ്പെടേണ്ടതും അല്ലാത്ത പക്ഷം അതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-21 പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിച്ചില്ല - കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല.

2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1 പ്രകാരം കരാർ പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ആദ്യ തവണ

പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 100,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1% നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാതിരുന്ന കരാറുകാരനിൽനിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. കരാറുകാരൻ കാലാവധി ദീർഘീകരണത്തിനായി അപേക്ഷ നൽകുകയോ നിയമാനുസൃതം കാലാവധി ദീർഘിപ്പിച്ചുനൽകുകയോ ചെയ്തിട്ടില്ല. പ്രവൃത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം./പ്രവൃത്തിയുടെ പേര് : പി.എച്ച്.സി അറ്റകുറ്റപ്പണി (115/19)

എഗ്രീഡ് പി എ സി : 255805.88/-

കരാറുകാരന്റെ പേര് : ശ്രീ.സുനിൽ.എം

പ്രവൃത്തി ആരംഭിച്ച തീയതി : 24.11.2017

കരാർ കാലാവധി : 5 മാസം

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി: 23.04.2018

പൂർത്തീകരിച്ച തീയതി : 27.02.2019

ഈടാക്കേണ്ട പിഴ തുക : 08.07.2018 വരെ 255805.88x3% =7674/-

09.07.2018 മുതൽ 27.02.2019 വരെ3.33%= 8541/-

ചെലവ്:

ബിൽ നം. 26/17-18 തീയതി.30.01.2018 തുക 136166/-

ബിൽ നം. 38 തീയതി.22.03.2019 തുക 91114/-

കരാറുകാരനിൽ നിന്നും പിഴ ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/07.03.2020) ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന ഇനങ്ങൾ ആർദ്രം പദ്ധതിയിലുൾപ്പെട്ടിരിക്കുന്നു എന്നറിവായതിനാലാണ് പ്രവൃത്തി വൈകിയതെന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ മറുപടി സാധൂകരിക്കുന്നതിനാവശ്യമായ യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. കരാറുകാരനിൽ നിന്നും പിഴയിനത്തിൽ 16215/- രൂപ (7674+8541) ഈടാക്കേണ്ടതാണ്.

## 1-22 പൊതുമരാമത്ത് പ്രവൃത്തികൾ - പൊതുന്യൂനതകൾ

ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം നടപ്പാക്കിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഗ്രാമ പഞ്ചായത്തിൽ റോഡുകളുടെ കണക്റ്റിവിറ്റി പ്ലാൻ,കണക്റ്റിവിറ്റി മാപ്പ് എന്നിവ തയ്യാറാക്കിയിട്ടില്ല. റോഡ് പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 04.02.2011ലെ സ.ഉ(എം.എസ്) 31/2011/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി ആദ്യവാർഷിക പദ്ധതി(2017-18)മാർഗ്ഗരേഖ ജി.ഒ (എം.എസ്)നം72/2017/തസ്വഭവ,29.03.17 ഖണ്ഡിക 12.10.1 പ്രകാരവും സ.ഉ.(കൈ)നം.11/2018/തസ്വഭവ തീ:29.01.2018 ഖണ്ഡിക 7.13(1) പ്രകാരവും ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റിഭൂപടവും റോഡ് കണക്റ്റിവിറ്റി പ്ലാനും തയാറാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട് . എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

2)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3)പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രവൃത്തികളുടെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിച്ച് പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയോടൊപ്പം ഏതാനും മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഹാജരാക്കിയെങ്കിലും അവയിൽ

വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളെല്ലാവരും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) ഭൂരിഭാഗം ഫയലുകളിലും എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

5) റോഡ് നിർമ്മാണ/അറ്റകുറ്റപ്പണി പ്രവൃത്തികളുടെ എസ്റ്റിമേറ്റിലോ അളവുപുസ്തകങ്ങളിലോ റോഡുകളുടെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

പ്രസ്തുത അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-23 പാലിന് സബ്സിഡി -അനുബന്ധ രേഖകൾ അപൂർണ്ണം

1 ) പ്രോജക്റ്റ് നം. - 50/19

പാലളക്കുന്ന ക്ഷീരകർഷകർക്ക് സബ്സിഡിയായി 600000/- രൂപ മേൽ പ്രോജക്റ്റ് പ്രകാരം ചുവടെ വിവരിക്കും പ്രകാരം അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ചെലവ് തുക | ട്രഷറി ബിൽ നം. |
|---|---|---|
| 1 | 92321 | 1/2018-19/27-09-18 |
| 2 | 34835 | 2/18-19/10-12-18 |
| 3 | 26676 | 3/18-19/10-12-18 |
| 4 | 67348 | 4/18-19/10-12-18 |
| 5 | 38880 | 5/18-19/10-12-18 |
| 6 | 39940 | 6/18-19/14-3-19 |
| 7 | 300000 | 2405574/28-03-19 (ചെക്ക് നം.) |
| ആകെ | 600000 | |

2) പ്രോജക്റ്റ് നം. - 108/19 (സ്പിൽ ഓവർ)

പ്രോജക്റ്റിന്റെ പേര് -പാലിന് സബ്സിഡി

ചെലവ് തുക -195000 (ബ്ലോക്ക് ഷെയർ)

പുന്നപ്ര ക്ഷീരോല്പാദക സംഘം, പുന്നപ്ര വെസ്റ്റ് ക്ഷീരോല്പാദക സംഘം എന്നിവ മുഖേനയാണ് ക്ഷീരകർഷകർക്ക് ധനസഹായം അനുവദിച്ചിട്ടുള്ളത്. എന്നാൽ ധനസഹായത്തിനർഹരായ ക്ഷീരകർഷകരുടെ വിശദാംശങ്ങൾ വ്യക്തമാക്കി പ്രസ്തുത ക്ഷീരസംഘങ്ങൾ സമർപ്പിച്ച ലിസ്റ്റിൽ സംഘം സെക്രട്ടറിയുടെ ഒപ്പോ ഔദ്യോഗിക മുദ്രയോ കാണുന്നില്ല. തന്മൂലം പ്രസ്തുത ലിസ്റ്റ് ആധികാരികമാണെന്ന് വരുന്നില്ല. കൂടാതെ ക്ഷീരകർഷകർ അളന്നതായി ലിസ്റ്റിൽ രേഖപ്പെടുത്തിയ പാലളവിന് ആനുപാതികമായിട്ടല്ല സബ്സിഡി വിതരണം ചെയ്തിട്ടുള്ളത്. ഏതു കാലയളവിലേക്കാണ് ധനസഹായം നൽകുന്നതെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നില്ല. പദ്ധതി ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കും വിധം അനുബന്ധ രേഖകൾ ആധികാരികമാണെന്നുറപ്പിക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-24 കന്നുകുട്ടി പരിപാലനം- വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല

അടങ്കൽ : 450000/-

ചെലവ് : 112500/-(വികസന ഫണ്ട്)

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ ടി പദ്ധതിയുമായി ബന്ധപ്പെട്ട് വികസനഫണ്ടിൽ നിന്നും 112500/- രൂപ ആലപ്പുഴ കാഫ് ഫീഡ് പ്രോഗ്രാം സബ്സിഡി ഓഫീസ് അക്കൌണ്ടിലേക്ക് ബിൽ നം. 6/22.3.19 പ്രകാരം നൽകിയിട്ടുണ്ട്. കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി ചുമതലപ്പെടുത്തിയ പുന്നപ്ര ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ (എ7ഡി,Apcos) കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ, കാലിത്തീറ്റ വിതരണം നടത്താൻ തുടങ്ങിയത് 07/2019 ലാണ്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ടി പദ്ധതിക്കായി ചെലവഴിച്ച 112500/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 മരുന്നുകൾ സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

അടങ്കൽ: 100000/-(വികസന ഫണ്ട്)

ചെലവ്: 100000/-

ബിൽ നം:3/31.12.18

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട്നം.S0074/19) പദ്ധതി പ്രകാരം വികസനഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ പിൻവലിച്ച് (ബിൽ നം.3/31.12.18) Leean Enterprises, പുന്നപ്ര എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ച് ഒരു ലക്ഷം രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നം.139/19.12.2018 പ്രകാരം കൈപ്പറ്റിയ മരുന്നുകളിൽ താഴെപ്പറയുന്നവ സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

| മരുന്നിന്റെ പേര് | അളവ് | തുക |
|---|---|---|
| Fenzole 150 Tab | 200 എണ്ണം | 386.62 |
| Meriquin 50 mg Tab | 100 എണ്ണം | 442.52 |
| K- Cythrin 1 Liter | 3 എണ്ണം | 1645.77 |
| ആകെ | | 2475/- |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.5/06.3.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്കിൽ ചേർത്ത് വിതരണം രേഖപ്പെടുത്തിയിട്ടില്ലാത്ത മരുന്നുകൾക്കായി ചെലവഴിച്ച 2475/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 ആട് വളർത്തൽ - രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ടിന്റെ പേര്: ആട് വളർത്തൽ (എസ്.സി)-സ്പിൽ ഓവർ (നം.S0109/19)

അടങ്കൽ : 168000/- (75000-എസ്.സി.പി,93000-ഗുണഭോക്തൃവിഹിതം)

ചെലവ് :9000/- എസ്.സി.പി

ബിൽ നം.1/19.5.18, തുക 9000/-

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തി സ്പിൽ ഓവറായി നടപ്പാക്കിയ പദ്ധതിയിൽ ശ്രീമതി പുഷ്പമ്മ എന്ന ഒരു ഗുണഭോക്താവിനാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. പർച്ചേസ് കമ്മിറ്റി ശുപാർശ പ്രകാരം ടിയാൾ ആടിനെ

വാങ്ങിയതായ രേഖകൾ ഫയലിൽ ഉണ്ട്. എന്നാൽ മറ്റ് രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗുണഭോക്തൃലിസ്റ്റ്, ഗുണഭോക്തൃവിഹിതം പിരിച്ചത്, മുൻ വർഷത്തെ വിതരണ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.5/06.3.2020) നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല. രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 9000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 എൻ.ആർ.ഇ.ജി.എസ്. പ്രവർത്തികളിൽ -ജി.എസ്.റ്റി (TDS)ഈടാക്കാത്തത് സംബന്ധിച്ച്

എൻ.ആർ.ഇ.ജി.എസ് പ്രകാരം ഏറ്റെടുത്ത മെറ്റീരിയൽ പ്രവൃത്തികളിൽ സാധനങ്ങൾ ക്വട്ടേഷൻ ക്ഷണിച്ച് കരാറുകാരിൽ നിന്ന് വാങ്ങിയിട്ടുണ്ട്. കരാറുകാരൻ സപ്ലൈ ചെയ്ത സാധനങ്ങളുടെ വിലയിൽ നിന്ന് TDS പ്രകാരമുള്ള ജി.എസ്.റ്റി തുക കുറവ് ചെയ്യാതെ കരാറുകാരന് തുക നല്കിയിരിക്കുന്നു. കരാറുകാരൻ സെക്രട്ടറിയുടെ പേരിൽ നല്കിയിട്ടുള്ള ബിൽ പ്രകാരമുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർക്കിന്റെ പേര് | കരാറുകാരൻ | കരാറുകാരൻ സപ്ലൈ ചെയ്ത സാധന വില | റ്റി.ഡി.എസ് ഇനത്തിൽ ഈടാക്കേണ്ട തുക |
|---|---|---|---|---|
| 1 | വാർഡ് 9 ലെ പുന്നപ്ര മുസ്ലീം പള്ളിക്ക് കിഴക്ക് വശം വടക്കോട്ട് നന്ദിക്കാട് ചെളി അലക്കുകുളം റോഡ് നിർമ്മാണം<br>പ്രവർത്തി തുടങ്ങിയ തീയതി – 24-10-2018<br>പ്രവർത്തി അവസാനിച്ച തീയതി - 30-10-2018 | രാജീവൻ.ഡി., റാംസ് എഞ്ചിനിയേഴ്സ് & സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്, പുറക്കാട്. | 366056 | 7321 |
| 2 | വാർഡ് 11 ലെ കാപ്പിത്തോട് മുതൽ അഞ്ചിൽ ക്ഷേത്രം വരെ റോഡ് നിർമ്മാണം<br>പ്രവർത്തി തുടങ്ങിയ തീയതി - 13-03-2019<br>പ്രവർത്തി അവസാനിച്ച തീയതി - 19-03-2019 | രാജീവൻ.ഡി, റാംസ് എഞ്ചിനിയേഴ്സ് & സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്, പുറക്കാട് | 283738 | 5675 |
| 3 | വാർഡ് 17 ലെ മൈക്കിൾ അറക്കൽ മുതൽ സാജൻ മണ്ണാപ്പറമ്പ് വരെ റോഡ് കോൺക്രീറ്റിംഗ്<br>പ്രവർത്തി തുടങ്ങിയ തീയതി - 16-03-2019<br>പ്രവർത്തി അവസാനിച്ച തീയതി | രാജീവൻ.ഡി, റാംസ് എഞ്ചിനിയേഴ്സ് & സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്, പുറക്കാട്. | 270369 | 5407 |

| | | | | |
|---|---|---|---|---|
| | - 26-03-2019 | | | |
| 4 | വാർഡ് 15 ലെ റോഡ് നിർമ്മാണം (കപ്യാര് സണ്ണിയുടെ വീടിന് സമീപം )<br>പ്രവർത്തി തുടങ്ങിയ തീയതി -13-10-2018<br>പ്രവർത്തി അവസാനിച്ച തീയതി -19-10-2018 | രാജീവൻ.ഡി, റാംസ് എഞ്ചിനിയേഴ്സ് & സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്, പുറക്കാട്. | 339575 | 6792 |
| 5 | വാർഡ് 12 ലെ കോൺക്രീറ്റ് റോഡ് നിർമ്മാണം<br>പ്രവർത്തി തുടങ്ങിയ തീയതി 04-10-2018<br>പ്രവർത്തി അവസാനിച്ച തീയതി 09-10-2018 | രാജീവൻ.ഡി, റാംസ് എഞ്ചിനിയേഴ്സ് & സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്, പുറക്കാട്. | 290838 | 5817 |

ആകെ 31012/- രൂപ

ജി.എസ്.റ്റി. രജിസ്ട്രേഷനുള്ള കരാറുകാരിൽ നിന്ന് 250000/- രൂപയ്ക്ക് മേലുള്ള വാങ്ങലുകൾക്ക് ബിൽ തുകയുടെ 2% T.D.S ഇനത്തിൽ ഈടാക്കി കരാറുകാരുടെ പേരിലുള്ള ജി.എസ്.റ്റി. അക്കൌണ്ടിലേക്ക് അടയ്ക്കണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. ഇത് സംബന്ധിച്ച് എൻക്വയറി നമ്പർ 19 നല്കിയെങ്കിലും വിശദീകരണം ലഭ്യമാക്കിയിട്ടില്ല. T.D.S ഇനത്തിലുള്ള തുക ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ അടയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-28 മുൻവർഷങ്ങളിൽ വിവിധ നിർവ്വഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുക വിനിയോഗിച്ചിട്ടില്ല

2018-19 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം കേരള ഇലക്ട്രിസിറ്റി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത 2179024/- രൂപയും വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 2304449/- രൂപയും വിനിയോഗിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. ഇതിനനുസൃതമായി വാർഷിക കണക്കിൽ മാറ്റം വരുത്തേണ്ടതാണ്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഭരണസമിതിയുടേയും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-29 വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല

പദ്ധതി മാർഗ്ഗരേഖ സ.ഉ. (കൈ) നം. 11/2018/ത.സ്വ.ഭ.വ./29-01-2018 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ്. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നല്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവഹണ ഉദ്യോഗസ്ഥനാണെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനറായി മറ്റൊരുദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ പ്രോജക്ടുകളിൽ പാലിച്ചിട്ടില്ല. വരും വർഷങ്ങളിൽ ഈ അപാകത ഒഴിവാക്കാൻ ശ്രദ്ധ

ചെലുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 2-1 വസ്തുനികുതി -കെട്ടിടത്തിന്റെ മുഴുവൻ ഏരിയയ്ക്കും നികുതി കണക്കാക്കുന്നില്ല.

പഞ്ചായത്ത് പരിധിയിൽ വാണിജ്യാവശ്യത്തിനായി നിർമ്മിച്ച് ഉപയോഗിച്ച് വരുന്ന താഴെപ്പറയുന്ന കെട്ടിടങ്ങളുടെ മുഴുവൻ ഭാഗങ്ങൾക്കും നികുതി ചുമത്തിയിട്ടില്ല. വസ്തുനികുതി ചട്ടപ്രകാരം തറവിസ്തീർണ്ണം എന്നത് ഏകനില കെട്ടിടത്തിന്റെ കാര്യത്തിൽ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറനിരപ്പിന്റെ വിസ്തീർണ്ണം എന്നും ബഹുനിലകെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള അത്തരം തറനിരപ്പിന്റെ ആകെ വിസ്തീർണ്ണം (തുറസ്സായ ടെറസ് ഭാഗം ഒഴികെ) എന്നും അർത്ഥമാകുന്നു. കൂടാതെ കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി മാറ്റിവച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം മറ്റുഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ വാണിജ്യാവശ്യത്തിനായി നിർമ്മിച്ച് ഉപയോഗിച്ച് വരുന്ന പല കെട്ടിടങ്ങളിലും ഓരോ കടമുറികൾക്കും പ്രത്യേകം നികുതി കണക്കാക്കി നമ്പർ നല്കുകയാണ് ചെയ്തിരിക്കുന്നത്. സ്റ്റെയർ റൂം, ടോയ്ലറ്റുകൾ, മറ്റ് പൊതുഭാഗങ്ങൾ എന്നിവ നികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമ, വാർഡ് നം./കെട്ടിട നം. | കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | നികുതി കണക്കാക്കിയ വിസ്തീർണ്ണം | അടിസ്ഥാന വസ്തു നികുതി | ഇളവ്/ വർദ്ധന(%) | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ വസ്തുനികുതി | വ്യത്യാസം (ലൈബ്രറി സെസ്സ് ഒഴികെ) | ലൈബ്രറി സെസ്സ് |
|---|---|---|---|---|---|---|---|---|
| പ്രസിഡണ്ട്, അറവുകാട് ക്ഷേത്രയോഗം 3/346A,B,C,D.E,F,G | 276.1 | 217 | 19327/-<br>(=276.1*70) | 20% വർദ്ധന<br>3865/-<br>(റോഡ്:5മീറ്ററിൽ കൂടുതൽ) | 23192+<br>1160(LC)<br>--------------<br>24352/-<br>====== | 15810+<br>793(LC)<br>----------<br>16603/-<br>======<br>(31M$^2$ ന് മാത്രം 10%എയർ കണ്ടീഷൻ വർദ്ധന വരുത്തി യിട്ടുണ്ട്) | 7382/- | 367/- |
| ശ്രീ സുൽഫി ഹക്കീം,ആലവേലിൽ 9/647 C,D,E,F | 226.96 | 203.85 | 15887/-<br>(=226.9*70) | 20%വർദ്ധന<br>3177/-<br>(റോഡ്:5മീറ്ററിൽ കൂടുതൽ) | 19064+<br>953(LC)<br>-------------<br>20017/-<br>====== | 15624+<br>784(LC)<br>----------<br>16408/-<br>====== | 3440/- | 169/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ശ്രീ അഭിലാഷ് രവീന്ദ്രൻ 9/377B,C,D,E | 140.21 | 116 | 9815/- (=140.21*70) | 20%വർദ്ധന 1963/- (റോഡ്:5മീറ്ററിൽ കൂടുതൽ) | 11778+ 589(LC) ---------- 12367/- ======= | 8352+ 420(LC) ---------- 8772/- ====== | 3426/- | 169/- |
| **ആകെ കുറവ്** | | | | | | | **14248/-** | **705/-** |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (15/07.3.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയം നടത്തി രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. മുൻവർഷങ്ങളിലും ഇപ്രകാരം നികുതി നിർണ്ണയിച്ചതിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ ആയത് ശരിയായി നിർണ്ണയിച്ച് വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്. കൂടാതെ ഫോറം-6 ൽ അറവുകാട് ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ 31 $M^2$ ഉള്ള ഒരു മുറിക്ക് മാത്രം 10% എയർ കണ്ടീഷൻ വർദ്ധന വരുത്തിയിട്ടുണ്ട്. ടി കെട്ടിടത്തിൽ സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് സംവിധാനം ഉപയോഗിക്കുന്നുണ്ടെങ്കിൽ മുഴുവൻ കെട്ടിട ഭാഗത്തിനും 10% വർദ്ധന വരുത്തേണ്ടതാണ്.

## 2-2 ബിൽഡിംഗ് പെർമിറ്റ് -റെഗുലറൈസേഷൻ ഫീസ് ഈടാക്കിയില്ല.

2018-19 സാമ്പത്തിക വർഷം കെട്ടിട നമ്പറിങ്ങിനായി സമർപ്പിച്ച അപേക്ഷകളിൽ പെർമിറ്റില്ലാതെ നിർമ്മിച്ച താഴെപ്പറയുന്ന കെട്ടിടങ്ങൾ ക്രമവത്ക്കരിച്ച് നമ്പർ നൽകിയിട്ടുണ്ടെങ്കിലും റെഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടില്ല.

| ഉടമയുടെ പേര് | കെട്ടിട നം | കെട്ടിടത്തിന്റെ വിസ്തീർണ്ണം(ച.മീ) | ഉപയോഗ ക്രമം | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയ ഫീസ് | വ്യത്യാസം |
|---|---|---|---|---|---|---|
| ശ്രീ ഹബീബ് റഹ്മാൻ, തയ്യിൽ ഹൌസ് | 10/257C | 90.09 | വാണിജ്യം | 1351 (=90.09x5x3) | - | 1351 |
| ശ്രീമതി വിജയകുമാരി, കരിംചിറവെളി | 9/690A | 35.14 | വാണിജ്യം | 527 (=35.14x5x3) | 176/- | 351 |
| ശ്രീ. ഹാരിസ് & ഷാജി,പുത്തൻപറമ്പ് വെളി | 10/60A | 161.21 | പാർപ്പിടം | 1451 (=161.21x3x3) | - | 1451 |
| ആകെ | | | | | | 3153/- |

മേൽ പരാമർശത്തിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.16/07.3.2020) നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. കുറവ് വന്ന തുക ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 195000 | പാലിന് സബ്സിഡി | 195000 | 0 |
| | 2018-19 | 314266 | പാലിയേറ്റീവ് കെയർ | 314250 | 16 |
| | | 540000 | ലൈഫ് ഭവനം (എസ്.സി) | 540000 | 0 |
| | | 250000 | അംഗൻവാടി പോഷകാഹാരം | 250000 | 0 |
| | | 179500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 179500 | 0 |
| | | 1176952 | ലൈഫ് ഭവനം (ജനറൽ) | 1136823 | 40129 |
| | | 300000 | പാലിന് സബ്സിഡി | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | അംഗൻവാടി പോഷകാഹാരം | 100000 | 0 |

| | | | | |
|---|---|---|---|---|
| | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | 883030 | ലൈഫ് ഭവനം (ജനറൽ) | 882700 | 330 |
| | 187343 | ലൈഫ് ഭവനം (എസ്.സി) | 100000 | 87343 |
| | 1160000 | അംഗൻവാടി നിർമ്മാണം | 247667 | 912333 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ ഇൻസ്റ്റലേഷൻ | 21801135 /14.01.19 | 79449 | 0 | 79449 |
| ഐ.ആർ.ടി.സി. | എയ്റോബിക് ബിൻ | 21801092 /08.10.18 | 340000 | 0 | 340000 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 16880000 രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന നിർമ്മാണ പദ്ധതി | GO(MS)No. 68/2018 dtd 18.05.2018<br>GO(MS)No. 111/2018 dtd 13.08.2018 | 16880000 | 0 | 0 | 0 | 16880000 |

### 4-5 സ്ഥിര നിക്ഷേപം

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6728 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 2017-18 | 2-1(1) | 104 | ശ്രീ.നജ്മൽ ബാബു | 64/44924 തീയതി 19.03.2019 |
| 2017-18 | 2-1(2) | 6624 | കാർമൽ പോളിടെക്നിക് | 118010500089 തീയതി 20.03.2019 |

### 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

### 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

### 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരുപ്പ് ഉൾപ്പെടെ) | : | 103961268 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 83132557 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | 17401 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 497074 |

**(ബി). ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 14248 | | കെ.എൻ. വിമൽകുമാർ, സെക്രട്ടറി |
| 2-2 | 3153 | | കെ.എൻ. വിമൽകുമാർ, സെക്രട്ടറി |
| ആകെ | **17401** | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 340000 | ശാലിനി. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-20 | 33099 | കെ.എൻ. വിമൽകുമാർ, സെക്രട്ടറി |
| 1-24 | 112500 | ഡോ. ജോയ് ജോർജ്ജ്, വെറ്ററിനറി സർജൻ |
| 1-25 | 2475 | ഡോ. ജോയ് ജോർജ്ജ്, വെറ്ററിനറി സർജൻ |
| 1-26 | 9000 | ഡോ. ജോയ് ജോർജ്ജ്, വെറ്ററിനറി സർജൻ |
| **ആകെ** | **497074** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 2-1 (ലൈബ്രറി സെസ്) | 705 |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.എൻ. വിമൽകുമാർ, സെക്രട്ടറി | സീനിയർ സൂപ്രണ്ട്, PAU 2, ആര്യാട് | കുന്നപ്പള്ളി വീട്, പുന്നപ്ര നോർത്ത് പി.ഒ., പറവൂർ ആലപ്പുഴ |
| താഹ മുഹമ്മദ് മുസ്തഫ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്ത് | കുരിക്കശ്ശേരിൽ, വാരണം പി.ഒ., ആലപ്പുഴ |
| ശാലിനി. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത് | 273 ശാന്താലയം, കരളിമുക്ക്, അരിനല്ലൂർ, കൊല്ലം |
| ഡോ. ജോയ് ജോർജ്ജ്, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്ത് | നമ്പിയങ്കാവ് റോഡ്, മാടായിക്കോണം പി.ഒ., തൃശ്ശൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 2002-03 | എൽ.എഫ്.ജി.എ5-1832/2011/20.1.12 (ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത്) |
| 2003-04 | |
| 2004-05 | |
| 2005-06 | എൽ.എഫ്.ജി.എ5-1832/2011/20.1.12 |

| | |
|---|---|
| | |
| 2006-07 | എൽ.എഫ്.എ.പി.9/109/2008/18.11.08 |
| 2007-08 | എൽ.എഫ്.എ.പി.8/1760/2011/14.7.12 |
| 2008-09 | എൽ.എഫ്.എ.പി.8/1760/2011/14.7.12 |
| 2009-10 | എൽ.എഫ്.എ.പി.8/1758/2011/8.8.12 |
| 2010-11, 11-12 | എൽ.എഫ്.എ.പി.8/251/2013/26.16.13 |
| 2012-13 | എൽ.എഫ്.എ.പി.8/318/2015/4.8.15 |
| 2013-14, 14-15 | കെ.എസ്.എ.എ.എൽ.പി-പി8/61/16/20.1.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി-പി8/38/17/20.1.17 |
| 2016-17 | കെ.എസ്.എ.എ.എൽ.പി-പി8/748/2017/19.06.2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി-പി8/1557/2018/05.11.2018 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം 2

| | | |
|---|---|---|
| 1. | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2. | ഇൻകം & എക്സ്പെൻഡിച്ചർ | |
| 3. | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ